**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** **30-09-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കണ്ണൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 166,04,51,850/- രൂപ അനുവദിച്ചിട്ടുണ്ട്<br><br>24/01/2020 – ലെ സ.ഉ(സാധാ) 181/2020/ ആ.കു.വ പ്രകാരം കണ്ണൂർ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി ധനസഹായത്തോടെ 124.95 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും ആയതിന്റെ തുടർ വികസന പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നു വരുകയും ചെയ്യുന്നുണ്ട്.<br><br>എം.എൽ.എ ഫണ്ടായി 37,60,000 രൂപയും ഇക്കാലയളവിൽ കണ്ണൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ